(6) പുതുക്കുറിച്ചി മുതൽ വെട്ടുതുറ വരെ രണ്ട് കി. മീ. നീളത്തിലും വേളി പൊഴിക്ക് വടക്ക് 500 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള മൂന്ന് പണികൾ.

(7) ടി. എസ്. കനാലിൽ പൗണ്ട്കടവ് മുതൽ പള്ളിത്തുറ വരെ വരുന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മാണവും കനാലിന്റെ ആഴം കൂട്ടുന്നതും ഉൾപ്പെടുത്തി 6 പണികൾ.

ഗാർഹിക ഉപഭോഗത്തിനുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി

59 [1889] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗത്തും ഗാർഹിക ഉപയോഗത്തിനുള്ള പൈപ്പ് കണക്ഷനിൽനിന്നുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർശനമായി ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുമ്പോൾ ഉപഭോക്താവിന് ഇതു സംബന്ധിച്ച നോട്ടീസ് നൽകുകയും ഉയർന്ന നിരക്കും പിഴയും ഈടാക്കുകയും കണക്ഷൻ റിച്ചേർദിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗാർഹിക ഉപഭോഗത്തിനുള്ള ജലം ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കിൾതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

തുടർനിർമ്മാണപ്രവർത്തനം മുടങ്ങിയ ശുദ്ധജല വിതരണ പദ്ധതികൾ

60 [1890] *ശ്രീ. എ. എൻ. രാജൻ ബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly